**പത്രക്കുറിപ്പ്**
**23-5-2018**

## വിശപ്പിനെ ഇല്ലാതാക്കാൻ സ്ത്രീകൾക്ക് വിദ്യാഭ്യാസം അനിവാര്യം:
### തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ

തിരുവനന്തപുരം: വിശപ്പിന്റെ ആദ്യത്തെ ഇരകൾ സ്ത്രീകളും കുട്ടികളുമാണെന്നും വിശപ്പിനെ ഇല്ലാതാക്കാൻ സ്ത്രീകൾക്ക് വിദ്യാഭ്യാസം അനിവാര്യമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പറഞ്ഞു. 'ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭകത്വ വികസനം' എന്ന വിഷയത്തെ ആസ്പദമാക്കി 23 അംഗ വിദേശ പ്രതിനിധികൾക്കായി കുടുംബശ്രീയും 'മാനേജും' സംയുക്തമായി സംഘടിപ്പിച്ച അന്താരാഷ്ട്ര പരിശീലന പരിപാടിയുടെ സമാപന ചടങ്ങിൽ പ്രതിനിധി സംഘത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകൾ വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിക്കപ്പെട്ടെങ്കിൽ മാത്രമേ വിശപ്പിനെ ഇല്ലായ്മ ചെയ്യുന്ന പ്രക്രിയയിൽ നിർണായകമായ പങ്കു വഹിക്കാൻ കഴിയൂ. ഇതിന് കാർഷികമേഖലയിലെ നൂതനകൃഷി സമ്പ്രദായങ്ങളെ കുറിച്ചുള്ള അറിവ് സ്ത്രീകൾക്കുണ്ടാകണം. കൂടാതെ ഗുണമേൻമയുള്ള വിത്ത്, വളം, ഉപകരണങ്ങൾ, സാമ്പത്തിക പിന്തുണ എന്നിവ ലഭ്യമാകുകയും വേണം. കാർഷിക-മൃഗസംരക്ഷണ മേഖലയിൽ തൊഴിൽ ചെയ്ത് ഗുണമേൻമയും വിഷരഹിതവും പോഷകസമ്പുഷ്ടവുമായ ധാന്യങ്ങളും മറ്റ് ഭക്ഷ്യവസ്തുക്കളും ഉൽപാദിപ്പിക്കുന്ന മൂന്നു ലക്ഷത്തോളം അയൽക്കൂട്ട വനിതകൾക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ കൂടുതൽ പ്രാധാന്യം നൽകുന്നത് ഇക്കാരണം കൊണ്ടാണ്.
കാർഷിക രംഗത്തെ ഉയർന്ന ഉൽപാദന ചെലവും കുറഞ്ഞ വരുമാനവും കാരണം കൃഷി ആകർഷകമല്ലാതായി തീർന്നതും അതോടൊപ്പം കർഷകരുടെ കടബാധ്യതയും പ്രതികൂല കാലാവസ്ഥയുമെല്ലാം നാം നേരിടുന്ന വെല്ലുവിളികളാണ്. രാസവളങ്ങളുടെ അമിത പ്രയോഗം നിരവധി ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അതീവദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗത്തിനു വേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇക്കാര്യങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. കുടുംബശ്രീ വനിതകൾക്ക് നിലവിൽ ലഭ്യമാകുന്ന സൗകര്യങ്ങളെ മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന്റെ ഫലമാണ്. ഓരോ പ്രദേശത്തിനും അതിന്റേതായ സവിശേഷത ഉണ്ട്. അതിനാൽ മറ്റിടങ്ങളിൽ നിന്നും വികസന മാതൃകകൾ സ്വീകരിച്ചു നടപ്പാക്കുന്ന അവസരത്തിൽ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. വിശപ്പും ദാരിദ്ര്യവും ഇല്ലാതാക്കാനുള്ള പ്രതിനിധി സംഘത്തിന്റെ പരിശ്രമങ്ങൾക്ക് കുടുംബശ്രീയിൽ നിന്നു പഠിച്ച കാര്യങ്ങളും അനുഭവങ്ങളും കരുത്തു പകരട്ടെയെന്നും അദ്ദേഹം ആശംസിച്ചു. പഠനസംഘത്തിലെ അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും അദ്ദേഹം നിർവഹിച്ചു.

കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളെ അടുത്തറിഞ്ഞ പഠനസംഘം തങ്ങളുടെ രാജ്യങ്ങളിൽ ഇതിനു സമാനമായ കാര്യങ്ങൾ നടപ്പാക്കിയാൽ അത് കുടുംബശ്രീക്ക് ലഭിക്കുന്ന വലിയ ആദരമായിരിക്കുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ ആമുഖ പ്രഭാഷണത്തിൽ പറഞ്ഞു. കുടുംബശ്രീയുടെയും മാനേജിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മൂന്നാമത്തെ അന്താരാഷ്ട്ര പരിപാടിയാണ് ഇതെന്നും പരിശീലന വേളയിൽ പഠനസംഘം അങ്ങേയറ്റം ക്രിയാത്മകമായ മനോഭാവമാണ് പ്രകടിപ്പിച്ചതെന്നും അദ്ദേഹം പറഞ്ഞു. തങ്ങൾ നൽകിയ പരിശീലനത്തിന്റെ

അടിസ്ഥാനത്തിൽ ഉഗാണ്ടയിൽ വനിതകൾ സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ച് വരുമാനം നേടുന്നത് ഏറെ സന്തോഷം നൽകുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

പരിശീലനപരിപാടി അങ്ങേയറ്റം പ്രയോജനപ്രദമായിരുന്നുവെന്നും ദാരിദ്ര്യ നിർമാർജന പ്രവർത്തങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെ ഫലപ്രദമായി നിർവഹിക്കാമെന്നുള്ളതിന്റെ മികച്ച ഉദാഹരണമാണ് കുടുംബശ്രീയെന്നും മലാവി, ഉഗാണ്ട, മംഗോളിയ എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ അഭിപ്രായപ്പെട്ടു. തങ്ങളുടെ രാജ്യത്തും കുടുംബശ്രീ മാതൃകയിൽ കാർഷിക സൂക്ഷമസംരംഭ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജിതമാക്കും. അടുത്ത തവണ പരിശീലന പരിപാടി സംഘടിപ്പിക്കുമ്പോൾ തങ്ങളുടെ രാജ്യത്തെ രാഷ്ട്രീയ നേതാക്കളെയും ഭരണവിദഗ്ധരെയും ഉൾപ്പെടുത്തണമെന്ന് ലൈബീരിയയിൽ നിന്നുള്ള പ്രതിനിധികൾ ആവശ്യപ്പെട്ടു. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ താഴെ തട്ടിലുള്ള സ്ത്രീകൾക്ക് കൈവന്ന സാമൂഹ്യ സാമ്പത്തിക പുരോഗതി അഭിനന്ദനീയവും അതിശയകരവുമാണെന്നും ദാരിദ്ര്യ നിർമാർജന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ തുടങ്ങുന്നതിന് കുടുംബശ്രീക്കു സമാനമായ സാമൂഹ്യ സംഘടനാധിഷ്ഠിത സംവിധാനം തങ്ങളുടെ രാജ്യത്തും തുടങ്ങുമെന്നും പഠനസംഘം വ്യക്തമാക്കി. അതിനായി കേരള സർക്കാരുമായി യോജിച്ചു പ്രവർത്തിക്കാൻ തങ്ങൾക്കു താൽപര്യമുണ്ടെന്നും പ്രതിനിധി സംഘം പറഞ്ഞു. കെനിയയിലെ പ്രതിനിധികൾ മന്ത്രിക്ക് ആദരസൂചകമായി ഷാൾ അണിയിച്ചു.

'മാനേജ്'-പ്രോജക്ട് എക്സിക്യൂട്ടീവ് ഷക്കീറ പർവീൺ പ്രതിനിധികൾക്ക് ഉപഹാരം നൽകി. കുടുംബശ്രീ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ബിബിൻ ജോസ് സ്വാഗതവും സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ അരുൺ പി.രാജൻ കൃതജ്ഞതയും പറഞ്ഞു. പ്രോഗ്രാം ഓഫീസർ പ്രമോദ്.കെ.വി, ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർമാരായ അജിത് ചാക്കോ, ഡോ. പ്രവീൺ സി.എസ്, തീമാറ്റിക് ആങ്കർ ഡോ.രാഹുൽ കൃഷ്ണൻ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ ഷിബു എൻ.പി, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ സാബു ബാലചന്ദ്രൻ, ജിബി മാത്യു ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**